"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം- ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ജഗദംബിക എം-ന് കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാ അവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2806/2025/LSGD തീയതി,തിരുവനന്തപുരം, 13-11-2025

---

പരാമർശം:-
1. സ.ഉ(പി) നം 112/2017/ധന, തീയതി 24.08.2017.
2. ശ്രീമതി.ജഗദംബിക എം-ന്റെ 22.08.2024ലെ ശൂന്യവേതനാവധിയപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 02.06.2025ലെ LSGD/PD/39704/2024-DEF2 നമ്പർ കത്ത്.

ഉത്തരവ്

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ജഗദംബിക എം-ന് 14.08.2024 ൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ ഉണ്ടായ അപകടത്തെതുടർന്ന് കൈയ്ക്ക് ഒടിവ് സംഭവിച്ചതിനാൽ 15.08.2024 മുതൽ 03.10.2024 വരേക്ക് പ്രത്യേക അവശതാ അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരവും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ ആണ് അപകടം സംഭവിച്ചതെന്ന് മേലധികാരി നൽകിയ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ജഗദംബിക എം-ന് 15.08.2024 മുതൽ 03.10.2024 വരെ കെ.എസ്.ആർ ഭാഗം ഒന്ന് ചട്ടം 98 പ്രകാരം പ്രത്യേക അവശതാ അവധി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, ആലപ്പുഴ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീമതി.ജഗദംബിക എം. ഓഫീസ് അറ്റൻഡന്റ്. തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്. ആലപ്പുഴ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം. തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(145/ഇപിഎ2/2025/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 14-11-2025 11:08:32
സെക്ഷൻ ഓഫീസർ